# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2276

18-12.2012 ൽ മറുപടിയ്ക്ക്

## ഇന്ത്യൻ ഭരണഘടനയുടെ 97-ാം ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| ഇന്ത്യൻ ഭരണഘടനയുടെ 97-ാം ഭേദഗതി സംസ്ഥാനത്ത് നിലവിൽ വരുന്നത് ഏത് തീയതി മുതൽ ആയിരിക്കുമെന്ന് വ്യക്തമാക്കാമോ? | 97-ാം ഭരണഘടനാ (ഭേദഗതി) നിയമം, 2011 പ്രാബല്യത്തിൽ വരുന്നത് 15.02.2012 മുതലാണ്. ടി നിയമത്തിലെ വ്യവസ്ഥയനുസരിച്ച്, ഭരണഘടനാ ഭേദഗതിയ്ക്കനുസൃതമായി സംസ്ഥാന സഹകരണ നിയമത്തിൽ, ടി ഭരണഘടനാ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്ന് ഒരു വർഷത്തിനകം ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. അപ്രകാരം സംസ്ഥാന നിയമം പ്രാബല്യത്തിൽ വരുന്ന തീയതിയോ അല്ലെങ്കിൽ ടി ഭരണഘടനാ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്ന് ഒരു വർഷമോ, അതായത് 15.02.2013, ഇതിൽ ഏതാണോ ആദ്യം, ടി തീയതി മുതൽ ഭരണഘടനാ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ വരുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ